
# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

### ഓരോ കുട്ടിയും മികവിലേക്ക്



# GWLPS PALATH

CHELANNUR

KOZHIKODE

ആമുഖം

## ആമുഖം

പൊതുവിദ്യാലയങ്ങൾ . മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു

സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതിയ വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി ആകൽപന ചെയ്തത് .

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടു പോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കൽ ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം . എല്ലാ പദ്ധതികളുടെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന ഗവ: വെൽഫെയർ എൽ. പി. സ്കൂൾ പാലത്ത് . സജീവമായ പിടിഎ എംപിടിഎ പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലെ മികവിന്റെ പാതയിൽ ഇടം നേടാം എന്ന പ്രതീക്ഷയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് .

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് - ഗവ: വെൽഫെയർ എൽ.പി.സ്കൂൾ
പാലത്ത്

മേൽവിലാസം : പാലത്ത് പി.ഒ
ചേളന്നൂർ
ചേവായൂർ സബ്ജില്ല

സ്കൂൾ കോഡ് - 17412
ഉപജില്ല - ചേവായൂർ
റവന്യൂ ജില്ല - കോഴിക്കോട്
ബി.ആർ.സി - ചേളന്നൂർ
ഗ്രാമപഞ്ചായത്ത് - ചേളന്നൂർ
ബ്ലോക്ക്പഞ്ചായത്ത് . ചേളന്നൂർ

# വിദ്യാലയചരിത്രം.

സമൂഹത്തിൽ ഏറ്റവും താഴ്ന്ന വിഭാഗത്തിൽ പെടുന്നവർക്കായി 1902-ൽ സ്ഥാപിതമായ എഴുത്തുപള്ളിക്കൂടമാണ് ഇന്ന് കാണുന്ന ഗവ: വെൽഫെയർ എൽ.പി. സ്കൂൾ. ആദ്യകാലങ്ങളിൽ സ്കൂൾ കെട്ടിടം സ്വകാര്യ വ്യക്തിയുടേതായിരുന്നു. പിന്നീട് പഞ്ചായത്ത് സ്കൂൾ നിൽക്കുന്ന 8 സെന്റ് സ്ഥലം വിലയ്ക്കു വാങ്ങുകയും പുതിയ കെട്ടിടം നിലവിൽ വരുത്തുകയും ചെയ്തു. കായിക പരിശീലനത്തിനും സ്ഥലം ഇല്ലാത്തതിനാൽ ഈ മേഖലയിൽ അൽപം പ്രയാസമുണ്ട്. അക്കാദമിക മേഖലയിൽ വളരെ ഉയർന്ന നിലവാരം തന്നെയാണ്. 4-ാം ക്ലാസിൽ നിന്ന് പഠിച്ചിറങ്ങുന്ന എല്ലാ വിദ്യാർത്ഥികളും എഴുത്തും വായനയും വളരെ നല്ല രീതിയിൽ തന്നെ സ്വായത്തമാക്കിയിട്ടുണ്ട്.

പ്രവർത്തനം - 1 - പ്രവൃത്തിപരിചയശിൽപശാല

ലക്ഷ്യം - നിർമാണത്തിനുള്ള കഴിവുകൾ
എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

പ്രവർത്തനങ്ങൾ - പ്രവൃത്തിപരിചയ ഇനങ്ങളിൽ
കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ
നിർമാണം. കളിമണ്ണ്, പാവ, പാഴ്വസ്തുക്കൾ-
വെജിറ്റബിൾ പ്രിന്റിംഗ്, ഫാബ്രിക് പെയിന്റിംഗ്
മെറ്റൽ എൻഗ്രേവിംഗ്, പനയോല,
പേപ്പർക്രാഫ്റ്റ്

പ്രവർത്തനം - പേപ്പർ ബാഗ് നിർമാണം.

ലക്ഷ്യം - എല്ലാ കുട്ടികളിലും നിർമാണാത്മക കഴിവുകൾ
വികസിപ്പിക്കുക.

പ്രവർത്തനം - എല്ലാ കുട്ടികൾക്കും പേപ്പർബാഗ്
~~ബാ~~ നിർമിക്കാൻ പരിശീലനം കൊടുക്കും.

പ്രവർത്തന പദ്ധതികൾ - മലയാളം

പേര് - പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല - വായന

ലക്ഷ്യം → കുട്ടികളിൽ സാഹിത്യ രുചി വളർത്തുക

പ്രവർത്തനങ്ങൾ - പുസ്തകപ്രദർശനം

ലൈബ്രറി പുസ്തകങ്ങളുടെ പ്രദർശനം

ആഴ്ചയിൽ ഒരു ദിവസം.

പ്രവർത്തനം-2

എന്റെ പിറന്നാൾ പുസ്തകം

ലക്ഷ്യം → മികച്ച വായനശീലം വളർത്തുക

പിറന്നാൾ ദിനത്തിൽ പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു.

പ്രവർത്തനം-3

ഉച്ചഭാഷിണി വായന

ഉപമേഖല- വായന

ലക്ഷ്യം - അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു

പ്രവർത്തനങ്ങൾ → ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന

പ്രവർത്തനം-4

വായനാക്കോർണർ

ഉപമേഖല - വായന

ലക്ഷ്യം - മികച്ച വായനശീലം വളർത്തുക

പ്രവർത്തനങ്ങൾ - ഒഴിവുസമയങ്ങളിൽ വായിക്കുന്നതിനായി ക്ലാസ്സ്മുറിയിൽ പ്രത്യേക വായനാക്കോർണർ ഒരുക്കുന്നു.

പ്രവർത്തനം-5

സ്കൂൾ ലൈബ്രറി

ഉപമേഖല - വായന

ലക്ഷ്യം - മികച്ച വായനശീലം വളർത്തുക

പ്രവർത്തനങ്ങൾ - സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ, സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ

പ്രവർത്തനം-6

ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ
ഉപമേഖല - ലേഖനം
ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനു
ള്ള കഴിവ് നേടുക.
പ്രവർത്തനങ്ങൾ - ഓരോ മാസത്തിലെ പഠനപ്രവർത്ത
നങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസിലെ കൈയെഴുത്ത് മാസിക
ഒരുക്കൽ (എല്ലാ മാസവും

പ്രവർത്തനം-7

ക്ലാസ്സ്തല പതിപ്പുകൾ
ഉപമേഖല - വായന - ലേഖനം.
ലക്ഷ്യം - ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്ന
തിനുള്ള കഴിവ് നേടുക
പ്രവർത്തനങ്ങൾ - വിദ്യാലയ വിശേഷങ്ങൾ ക്ലാസ്സിലെ വിവരങ്ങൾ
പങ്കുവെയ്ക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ

പ്രവർത്തനം-8

എന്റെ വായനാക്കുറിപ്പുകൾ
ലക്ഷ്യം - എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കു
ന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
പ്രവർത്തനങ്ങൾ -
വായിച്ച പുസ്തകങ്ങളെ കുറിച്ച് വായനാക്കുറിപ്പ് തയ്യാറാക്കൽ
(1,2 ക്ലാസുകളിൽ വായനാകാർഡ്) വായനാക്കുറിപ്പിനുള്ള
പുസ്തകം സ്കൂൾ ലൈബ്രറിയിൽ നിന്നും നൽകുന്നു.

പ്രവർത്തനം-9

രചനോത്സവം
ഉപമേഖല - ലേഖനം
ലക്ഷ്യം - ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്ന
തിനുള്ള കഴിവ് നേടുക
പ്രവർത്തനങ്ങൾ - കഥ, കവിത, വിവിധ വിഷയങ്ങളെയും
ചിത്രങ്ങളെയും അടിസ്ഥാനമാക്കി എഴുതിക്കുന്നു (രചന)

പ്രവർത്തനം-10

സർഗ്ഗവേള

ഉപമേഖല - പ്രകടന വേദികൾ

ലക്ഷ്യം - എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക

പ്രവർത്തനങ്ങൾ - വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പ് തയ്യാറാക്കൽ - ചെറിയ ക്ലാസ്സിലെ കുട്ടികൾക്ക് വായനാകാർഡ് വായന.

പ്രവർത്തനം-11

പേര് - ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിക്കുക

ഉപമേഖല - ആശയഗ്രഹണം

ലക്ഷ്യം - ആശയവിനിമയശേഷി കൈവരിക്കൽ

പ്രവർത്തനങ്ങൾ - പഠനപിന്നോക്കം നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം

പ്രവർത്തനം-12

പേര് - പാട്ടരങ്ങ്

ഉപമേഖല - ഭാഷാസമൃദ്ധി

ലക്ഷ്യം - ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക

പ്രവർത്തനങ്ങൾ - കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കുന്നു. ഭാവങ്ങളോടെ അവതരിപ്പിക്കുന്നു.

പ്രവർത്തനം-13

പേര് - ഭാഷോത്സവം

ഉപമേഖല - ഭാഷ കാഴ്ചവയ്ക്കണം

ലക്ഷ്യം - ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുകയും ഭാഷാനൈപുണി നേടുന്നതിനും

പ്രവർത്തനം - കഥ പറയൽ, പ്രസംഗം, കവിതാപാരായണം, പോസ്റ്റർ നിർമ്മാണം - കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം.

# ഇംഗ്ലീഷ്

പ്രവർത്തനം 1. ഇംഗ്ലീഷ് അസംബ്ലി

ലക്ഷ്യം - ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ

പ്രവർത്തനം:- ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലി കൂടെ ഫൺ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കും

പ്രവർത്തനം: 2) ഇംഗ്ലീഷ് ഡയറി (3,4)

ലക്ഷ്യം:- ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്

പ്രവർത്തനം: എല്ലാ തിങ്കളാഴ്ചയും കഴിഞ്ഞ ആഴ്ചത്തെ പ്രധാനസംഭവങ്ങൾ ഇംഗ്ലീഷിൽ എഴുതിവരിക.

പ്രവർത്തനം: 3) ഇംഗ്ലീഷ് ന്യൂസ്‌ലെറ്റർ (3, 4)

ലക്ഷ്യം. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസര മൊരുക്കുക.

പ്രവർത്തനം. ഓരോ മാസവും ഏതെങ്കിലും വിഷയത്തെ കുറിച്ച് ഇംഗ്ലീഷിൽ ന്യൂസ്‌ലെറ്റർ ഉണ്ടാക്കൽ.

പ്രവർത്തനം 4) worksheet workshop.

ലക്ഷ്യം - കൂടുതൽ കുട്ടികൾക്കും ഇംഗ്ലീഷ്ഭാഷയിൽ പ്രാവീണ്യം നേടുക.

പ്രവർത്തനം. അധ്യാപകരുടെ നേതൃത്വത്തിൽ നിലവാരത്തിനനുസരിച്ച് വർക്ക്ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു.

4) ഇന്നത്തെ പ്രവർത്തനം

പ്രവർത്തനം ~~ഇംഗ്ലീഷ്~~ ഇംഗ്ലീഷിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കൽ ഓരോ ടേമിലും വിദഗ്ധരെ വിളിച്ച് activty based ക്ലാസുകൾ നടത്തുന്നു.

# ഗണിതം

ലക്ഷ്യങ്ങൾ:-

1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2) ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3) ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.
4) ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

പ്രവർത്തനങ്ങൾ:-

1) എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ
2) മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ഒരുക്കൽ,
3) ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു
4) ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ശേഖരണ പ്രവർത്തനങ്ങൾക്കും രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു.
5. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ഗണിത കേളികൾ ആസൂത്രണം ചെയ്യൽ.

# പരിസര പഠനം

ലക്ഷ്യം :-

ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക

പ്രവർത്തനങ്ങൾ :-

ഓരോ ക്ലാസിലും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ ശില്പശാലകൾ, ടേബിളും) ഷോപ്പുകൾ സംഘടിപ്പിക്കൽ (ഓരോ പ്രവർത്തനം 2

പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)

ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ.

ലക്ഷ്യം :- ശാസ്ത്ര പഠന താൽപര്യം വളർത്തുക. ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. (എല്ലാ മാസത്തിലും)

പ്രവർത്തനങ്ങൾ :-

പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ.

പ്രവർത്തനം : 3

പരീക്ഷണകിറ്റ്

നിരീക്ഷണ പ്രവർത്തനങ്ങൾ :-

ലക്ഷ്യം :-

ശാസ്ത്ര പ്രക്രിയാശേഷികളുടെ വളർച്ചക്കി-
ന്നതും വിധമുള്ള പ്രവർത്തനങ്ങൾ
ഒരുക്കുക.

പ്രവർത്തനങ്ങൾ :-

മുഴുവൻ കുട്ടികൾക്കും. (3, 4, ക്ലാസ്)
ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം
ആവശ്യമായ വസ്തുക്കൾ ശേഖരിച്ച്
സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ്
തയ്യാറാക്കൽ ( മാർച്ച് ജൂൺ മുതൽ മാർച്ച് വരെ)

പ്രവർത്തനം : 4

പേര് : പരീക്ഷണ ഉത്സവം

ഉപമേഖല : ശാസ്ത്രാന്വേഷണം

ലക്ഷ്യം :-

ശാസ്ത്ര വിഷയങ്ങളിലേക്കുള്ള

താത്പര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക.

പ്രവർത്തനങ്ങൾ :-

ക്ലാസ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം.
(എല്ലാമാസവും)

# വിവരസാങ്കേതിക വിദ്യ

പ്രവർത്തനം 1

പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം.

ഉപമേഖല : അധ്യാപക ശാക്തീകരണം.

ലക്ഷ്യം : വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

പ്രവർത്തനങ്ങൾ :-

പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ. (ഓരോമാസത്തിലും)

പ്രവർത്തനം : 2

പേര് : IT ലാബ്

ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം.

ലക്ഷ്യം : കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം.

പ്രവർത്തനങ്ങൾ :-

IT, ICT പ്രവർത്തനങ്ങൾ/
പരിശീലന പരിപാടികൾ
സംഘടിപ്പിക്കൽ (June - August)

# ARABIC-ACADEMIC PLAN

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുതുന്ന രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്.

2. ചിത്രങ്ങൾ നിരീക്ഷിച്ചുകൊണ്ടുള്ള വായന, പദനിർമ്മാണം, പദശേഖരണം.

3. ഉപയോഗ വാക്കുകൾ മനസ്സിലാക്കുന്നു, പറയുന്നു.

4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5. വാക്യനിർമ്മാണം.

6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

പ്രവർത്തനം :- <u>ക്ലാസ് വായന</u>

* ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഓരോ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.

* <u>ആസ്വാദന വേദി:</u>

പാട്ടും പദ്യവും കഴിയുന്ന വിദ്യാർത്ഥികളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശേഖരിക്കാനും അവസരം സൃഷ്ടിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.

* <u>കാഴ്ചയും കേൾവിയും.</u>

നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത വിവിധ അറബിക് കഥകളും പാട്ടുകളും ചാർട്ട് പതിപ്പുകളും എൽ.സി.ഡി പ്രൊജക്ടറിന്റെ സഹായത്തോടെ കാണാനുള്ള അവസരം.

Eg:- ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ, അനിമേഷൻ വീഡിയോകൾ, ധാർമിക കഥകൾ, ഡോക്യുമെന്ററികൾ.

കാലയളവ് :- 6 മാസം.

ഭൗതികം :- പുസ്തകങ്ങൾ, ചാർട്ടുകൾ, ടാബ്;,

പിന്തുണ :- ബി. ആർ. സി, അറബിക് അധ്യാപകർ, നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ, സർക്കാർ ഫണ്ട്. റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അധ്യാപകർ.

ലക്ഷ്യം-II :- അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി

പ്രവർത്തനം :- എഴുത്ത്, വായന

* ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.
* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.
* പ്രത്യേകം തെരഞ്ഞെടുത്ത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് ക്ലാസ് നൽകുക.

കാലയളവ് :- 2 മാസം.
ഭൗതികം :- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, പുസ്തകങ്ങൾ.
പിന്തുണ :- ബി. ആർ. സി., ഡയറ്റ്, പൂർവ്വ വിദ്യാർത്ഥികൾ.

ലക്ഷ്യം -III :- സർഗ വാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ.

പ്രവർത്തനം :- സർഗവാസനകളെ തിരിച്ചറിയാൻ വിവിധ വേദികൾ സൃഷ്ടിക്കുന്നു.
ക്ലാസ് മുറികളിൽ തന്നെ അതിനുള്ള അവസരങ്ങൾ നൽകുന്നു
മികച്ചു നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകി പ്രോത്സാഹനം നൽകുന്നു.

കാലയളവ് :- 2 മാസം.
ഭൗതികം :- ക്ലാസ് മുറികൾ, സ്കൂൾ ഹാൾ, മൈക്ക്, ചാർട്ട്, കളർ.
പിന്തുണ :- രക്ഷിതാക്കൾ, അധ്യാപകർ.

ലക്ഷ്യം IV :- അറബിക് ഫെസ്റ്റ്.

പ്രവർത്തനം :- അറബി ദിനത്തിലോ അല്ലെങ്കിലോ ഒരു സ്കൂൾ ഡേ/ നാഷ് ഡേ അറബിക് ഫെസ്റ്റ് നടത്തുക.

<u>മുന്നൊരുക്ക നടപടികൾ</u>

• ഉദ്ഘാടനം

അനുമോദനങ്ങൾ (ഇത് വരെ സ്കൂളിൽ നടന്നിട്ടുള്ള അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)

- മികച്ച അറബിക് കലാപ്രകടനം.
- തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി / ആൽബം ഷോർട്ട് പ്രദർശനം.
- അറബിക് എക്സിബിഷൻ (അറബി ഭാഷാ ചരിത്രം വികാസം, പ്രാധാന്യം, ഉൽപ്പത്തി വർത്തമാനം, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി)

കാലയളവ് :- 1 ദിവസം.

പിന്തുണ :- പൂർവ്വ വിദ്യാർത്ഥികൾ, ഭാഷാ സ്നേഹികൾ, അറബി ഭാഷാ പണ്ഡിതന്മാർ, രക്ഷിതാക്കൾ.

ലക്ഷ്യം V :- അറബിക് അസംബ്ലി.

പ്രവർത്തനം :-
- ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി നടപ്പിലാക്കുക.
- ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക.
- ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക.
- പുസ്തകം പരിചയപ്പെടുത്തൽ.
- സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ.

കാലയളവ് :- 2 ദിവസം.

പിന്തുണ :- അധ്യാപകർ, രക്ഷിതാക്കൾ.

ലക്ഷ്യം VI :- സ്കൂൾ വാർഷികം.

പ്രവർത്തനം :- സ്കൂൾ വാർഷികത്തിൽ അറബിക് നാടകം / ഒപ്പന ഗാനം / പ്രസംഗം / ആക്ഷൻ സോങ് / വാർത്താ വായന തുടങ്ങിയവ പ്രോഗ്രാമിൽ നൽകി അവതരിപ്പിക്കൽ.

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026